മണലൂർ നിയോജക മണ്ഡലത്തിലെ ഇ.എം.എസ്. ഭവന പദ്ധതി

182(474) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചു എന്നതിന്റെ പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ:

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) മണലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ അനുവദിച്ച വീടുകളുടെ എണ്ണം താഴെ ചേർക്കുന്നു.

പഞ്ചായത്തിന്റെ പേര്	അനുവദിച്ച വീടുകൾ (ആകെ ഗുണഭോക്താക്കൾ)
ചുണ്ടൽ	273
കണ്ടാണശ്ശേരി	86
എളവള്ളി	176
മുല്ലശ്ശേരി	325
അരിമ്പൂർ	95
മണലൂർ	195
വാടാനപ്പിള്ളി	47
വെങ്കിടങ്ങ്	147
പാവറട്ടി	115
തൈക്കാട്	0
ആകെ	1439

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

തൃശ്ശൂർ ജില്ലയിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വീട് ലഭിച്ചവർ

183(475) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് കെട്ടിടനിർമ്മാണ നിയമങ്ങൾ ബാധകമാക്കാറുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ എത്ര ഗുണഭോക്താക്കൾക്ക് വീട് ലഭിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടിന് നിലവിൽ നിജപ്പെടുത്തിയിട്ടുള്ള വിസ്തൃതി പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വീട് നിലനിൽക്കുന്ന ഭൂമി, പഞ്ചായത്തിന് പണയം നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് കെട്ടിട നിർമ്മാണ നിയമങ്ങളിൽ ഇളവ് അനുവദിക്കുന്നുണ്ട്. നിർമ്മാണം നടത്തുന്ന കെട്ടിടത്തിന്റെ ചുറ്റളവ് കാണിച്ചുകൊണ്ടുള്ള സ്കെച്ച് മാത്രം സമർപ്പിച്ചാൽ മതിയാകും. പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല.

(ബി) തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 5022 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 8788 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നഗരസഭകളിൽ പദ്ധതി പ്രകാരം 4864 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും 923 വീടുകളുടെ പണി ആരംഭിക്കുയും 2010 നവംബർ മാസം വരെ 213 വീടുകളുടെ പണി പൂർണ്ണമായും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) പരിഗണനയിലില്ല

(ഡി) വീട് നിലനിൽക്കുന്ന ഭൂമി, പഞ്ചായത്തിന് പണയപ്പെടുത്തണമെന്ന് നിലവിൽ വ്യവസ്ഥ ചെയ്യുന്നില്ല. വീട് നിലനിൽക്കുന്ന ഭൂമി 10 വർഷത്തേക്ക് അന്യാധീനപ്പെടുത്തുന്നതല്ല എന്ന വ്യവസ്ഥയിൽ ഗ്രാമപഞ്ചായത്തുമായി ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെടണമെന്ന് വ്യവസ്ഥ ചെയ്യുക മാത്രമാണുള്ളത്.

ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾ

184(478) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന പദ്ധതിയിലേക്ക് സംസ്ഥാനത്തൊട്ടാകെ എത്ര ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തത് ; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനത്തിൽ എത്ര വീടുകളാണ് പൂർണ്ണമായി പൂർത്തീകരിക്കുവാൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇ.എം.എസ്. ഭവന പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly